# കേരള സർവകലാശാല

നം. പി.ആർ.271/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം, 2017 – തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ചേർത്തല എസ്.എൻ. കോളേജ്, ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ്. കോളേജ്, അടൂർ സെന്റ് സിറിൾസ് കോളേജ് എന്നിവിടങ്ങളിൽ ഒഴിവുള്ള പി.ജി. സീറ്റുകളിലേയ്ക്ക് കോളേജ്തലത്തിൽ സ്പോട്ട് അഡ്മിഷൻ.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ എം.എസ്.സി.സ്റ്റാറ്റിസ്റ്റിക്സിനും ചേർത്തല എസ്.എൻ.കോളേജിൽ എം.എസ്.സി.സുവോളജിക്കും ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ്. കോളേജിൽ എം.എ.ഇക്കണോമിക്സിനും അടൂർ സെന്റ് സിറിൾസ് കോളേജിൽ എം.എസ്സി.ഫിസിക്സിനും സീറ്റുകൾ ഒഴിവുണ്ട്. ഈ സീറ്റുകളിലേയ്ക്ക് 15.12.2017-ന് അതത് കോളേജുകളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 15.12.2017-ന് ഉച്ചയ്ക്ക് ഒരു മണി വരെ ഹാജരായി രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി ഉച്ചതിരിഞ്ഞ് 2 മണിമുതൽ പ്രവേശനം നടത്തും. പ്രവേശനസമയത്ത് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കൈവശം ഉണ്ടായിരിക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. പ്രവേശനം ലഭിക്കുന്നവർ ഉടൻ തന്നെ സർവകലാശാല ഫീസ് ഒടുക്കേണ്ടതാണ്. ഒഴിവുകളുടെ വിശദാംശങ്ങൾ അതത് കോളേജുകളിൽ നിന്നും ലഭിക്കുന്നതാണ്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്.)*

## ബി.ടെക് ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി. ടെക് (പാർട്ട്ടൈം റീസ്ട്രക്ച്ചേഡ്) (2008 സ്കീം) മെക്കാനിക്കൽ ബ്രാഞ്ചിന്റെ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി. ടെക് (പാർട്ട്ടൈം റീസ്ട്രക്ച്ചേഡ്) (2008 സ്കീം) മെക്കാനിക്കൽ ബ്രാഞ്ചിന്റെ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ഡി.എസ് പരീക്ഷ

കേരള സർവകലാശാല 2018 ജനുവരി 23-ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി. ഡി.എസ് (2008 സ്കീം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി നാല് (50 രൂപ പിഴയോടെ ജനുവരി ആറ്, 125 രൂപ പിഴയോടെ ജനുവരി ഒൻപത്) വരെ ഫീസടച്ച് അപേക്ഷിക്കാം.

## സൗജന്യ മെഡിക്കൽ ക്യാമ്പ്

കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ആരോഗ്യകേന്ദ്രത്തിൽ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും ജീവനക്കാർക്കും വേണ്ടി കിംസ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ ഡിസംബർ 15 രാവിലെ ഒൻപത് മണി

മുതൽ ഉച്ചക്ക് 1 മണിവരെ സർവകലാശാല സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പിൽ വിവിധ വിഭാഗങ്ങളിലെ വിദഗ്ധരായ ഡോക്ടർമാർ പങ്കെടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കാര്യവട്ടം ആരോഗ്യകേന്ദ്രത്തിലോ സർവകലാശാല ഹെൽത്ത് ഇൻഫർമേഷൻ ഓഫീസറെയോ ഈ നമ്പരുകളിൽ (0471-2308976, 9446786582, 8547607433) ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

## വിദൂര പഠന സമ്പർക്ക ക്ലാസ്സ്

കേരള സർവ്വകലാശാല വിദൂര പഠന വിഭാഗം നടത്തുന്ന 2017-18 ലെ ബിരുദ കോഴ്സുകളുടെ സമ്പർക്ക ക്ലാസും,സെന്ററും താഴെ പറയുന്നു.
ബി.എ,ബി.എസ്.സി (മാക്സ്),ബി.കോം ക്ലാസുകൾ ഡിസംബർ 16നും ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ്),ബി.സി.എ കോഴ്സുകളുടെ ക്ലാസുകൾ ഡിസംബർ 30 നും ആരംഭിക്കുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയായിരിക്കും ക്ലാസുകൾ. തിരുവനന്തപുരത്ത് കാര്യവട്ടം ക്യാമ്പസിൽ ബി.കോം, ബി.എ ഹിസ്റ്ററി,സോഷ്യോളജി,ഇക്കണോമിക്സ്,പൊളിറ്റിക്കൽ സയൻസ്, മലയാളം,ബി.എസ്.സി മാക്സ് എന്നീ കോഴ്സുകളും, പാളയം ക്യാമ്പസിൽ ബി.എ ഇംഗ്ളീഷ് ക്ലാസുകളുമാണ് നടത്തുന്നത്.കൊല്ലത്ത് മുളങ്കാടകം യു.ഐ.ടി യിൽ ബി.എ ഇംഗ്ളീഷ്, സോഷ്യോളജി,മലയാളം,ഹിസ്റ്ററി ക്ലാസുകളും തേവള്ളിയിലെ സർവ്വകലാശാല ബി.എഡ് കോളേജിൽ ബി.കോം,ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്,ബി.സി.എ ക്ലാസുകളുമാണ് നടത്തുന്നത്.ആലപ്പുഴ ജില്ലയിൽ ആലപ്പുഴ യു.ഐ.റ്റി യിൽ ബി.കോം ക്ലാസുകൾ മാത്രമായിരിക്കും നടത്തുക.ഇവിടെയുള്ള ബി.എ,ബി.എസ്.സി വിദ്യാർത്ഥികൾ കൊല്ലം ജില്ലയിലെ കേന്ദ്രങ്ങളിൽ ക്ലാസുകളിൽ പങ്കെടുക്കണം.
അപേക്ഷ സമർപ്പിപ്പിച്ചിട്ടുള്ള അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സമ്പർക്ക ക്ലാസുകളിൽ പങ്കെടുക്കാവുന്നതാണ്.

തിരുവനന്തപുരം.
14.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098